Draft #2 of File 32971/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 15-Feb-2025 11:23 AM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.32971/AD A3-4/2024/AD A 3 തീയതി 15.02.2025

സംസ്ഥാന സർവീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി സി ആർ ജി, ടെർമിനൽ സറണ്ടർ മുതലായവ) അവസാന ഗഡു അനുവദിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(അച്ചടി) നം.15/2025/ധന, തീയതി 12.02.2025, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10.17-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിനോയ് എ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ 1(ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
6. ഐ.റ്റി. സെൽ /പി.ആർ.ഒ. /എഫ്.സി.സി.
7. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

For Endorsement. VC please

Rismi
12/Feb/2025
രജിസ്ട്രാർ

Endorsed
13/2/2025

Approved by exercising power as provided in chapter III, section 10 (17) of the Mahatma Gandhi University Act 1985. Issue orders and report to the Syndicate / Academic Council.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ...

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.15/2025/ധന** **തിരുവനന്തപുരം, തീയതി: 12/02/2025**

---

പരാമർശം:- (1) സ.ഉ(അച്ചടി)നം.162/2021/ധന തീയതി 02/12/2021.
(2) സ.ഉ(അച്ചടി)നം.15/2023/ധന തീയതി 17/02/2023.
(3) സ.ഉ(അച്ചടി)നം.21/2024/ധന തീയതി 15/03/2024.
(4) ധനകാര്യമന്ത്രിയുടെ ബജറ്റ് പ്രസംഗം 2025-2026, ഖണ്ഡിക 9.

**<u>ഉത്തരവ്</u>**

സംസ്ഥാന സർവ്വീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ മുതലായവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-2023 സാമ്പത്തിക വർഷത്തിലും 2023-2024 സാമ്പത്തിക വർഷത്തിലും വിതരണം ചെയ്യുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്നാമത്തെ ഗഡു പരാമർശം (3) ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. പരാമർശം (4)-ലെ 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം അനുസരിച്ച് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു, 2025 ഫെബ്രുവരി മാസത്തിൽ തന്നെ വിതരണം ചെയ്യേണ്ടതുണ്ട്.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർവ്വീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള, പരാമർശം (1) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പെൻഷൻകാർക്ക് പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ മുതലായവ) അവസാന ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #2 of File 32971/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 15-Feb-2025 11:23 AM - Page 2

പരാമർശം (4) പ്രകാരം ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു 2025 ഫെബ്രുവരി മാസത്തിൽ തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ബിമൽ ലാൽ റ്റി.എസ്**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
7. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), എല്ലാ സംസ്ഥാനങ്ങൾക്കും.
9. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർ.
10. ഗവർണറുടെ സെക്രട്ടറി.
11. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
12. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
13. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
14. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
15. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി.
16. രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
17. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
18. എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
19. നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
20. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
21. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-1903502)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

Draft #2 of File 32971/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 15-Feb-2025 11:23 AM - Page 3